**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ***98** | 04-02-2019 -ൽ മറുപടിക്ക്

## ദുരിതാശ്വാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. അനിൽ അക്കര** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയം സംഭവിച്ച് അഞ്ചു മാസം കഴിഞ്ഞിട്ടും ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | പ്രളയത്തിൽ 2 ദിവസത്തിലധികം വീടുകളിൽ വെള്ളം കെട്ടിനിന്ന കുടുംബങ്ങൾക്കുള്ള അടിയന്തിര സഹായമായ 10,000/- രൂപ അനുവദിക്കുന്നതിന് വേണ്ടിയും പ്രളയത്തിൽ നാശം സംഭവിച്ച വീടുകളുടെ കണക്കെടുപ്പ് സംബന്ധിച്ചും ചില ജില്ലകളിൽ നിന്നും പരാതികൾ ലഭിച്ചിരുന്നു. അടിയന്തിര ദുരിതാശ്വാസമായ പതിനായിരം രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിരുന്ന പരാതികൾ പരിശോധിച്ച് അർഹരായവർക്ക് പ്രസ്തുത തുക അനുവദിച്ചിട്ടുണ്ട്.<br>10,000 രൂപയ്ക്ക് അർഹതപ്പെട്ടവരുടെ പട്ടികയുടെ അവസാന ദിവസമായിരുന്ന 5-9-2018 വരെ 6,10,802 പേർ ആയിരുന്നു അർഹരായിരുന്നത്. തുടർന്ന് സർക്കാർ പരിശോധനകൾ പൂർത്തിയാക്കി 6,87,843 പേർക്ക് പ്രസ്തുത തുക നൽകിയിട്ടുണ്ട്. ഇതിൽ 77,041 പേർ അപ്പീൽ മുഖാന്തരം ലിസ്റ്റിൽ ചേർക്കപ്പെട്ടവർ ആണ്.<br>ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകാവുന്നതും (ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണ വിഭാഗം / അഡീഷണൽ ജില്ലാ |
| ബി) | സംസ്ഥാനത്തെ പ്രളയബാധിത പ്രദേശങ്ങളിൽ അടിയന്തര സഹായമായി അനുവദിച്ച പതിനായിരം രൂപ പോലും അർഹരായ പല വ്യക്തികൾക്കും ലഭ്യമായിട്ടില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | മജിസ്ട്രേറ്റ്), സി.ഇ.ഓയുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും സമീപിക്കാവുന്ന തരത്തിൽ 22.11.2018-ലെ സ.ഉ.(സാധാ)നം. 627/2018/ഡി.എം.ഡി. പ്രകാരം പരാതി പരിഹാര സംവിധാനം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| സി) | ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | സി) | പൂർണ്ണമായി തകർന്നതായി കണക്കാക്കിയിട്ടുള്ള വീടുകളിൽ വാസയോഗ്യമായ സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സ്വയം സന്നദ്ധരായ ഗുണഭോക്താക്കൾക്ക് സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക അനുവദിച്ചു വരുന്നു. ബാക്കി തുകയുടെ 50%, വീട് നിർമ്മാണം 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50% വീട് നിർമ്മാണം 75% പൂർത്തിയാക്കുമ്പോഴും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതാണ്. കൂടാതെ സ്വന്തം ഭൂമിയിൽ സർക്കാർ മേൽ നോട്ടത്തിൽ ഭവനം നിർമ്മിക്കുന്നതിനും സ്പോൺസർ നേരിട്ട് കെട്ടിട പുനർ നിർമ്മാണ ഏജൻസിയെ കണ്ടെത്തി ഭവനം പൂർത്തിയാക്കുന്നതിനും ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക ബാധിതമാകാൻ ഇടയുള്ളതും പാരിസ്ഥിതികമായി ദുർബലമോ അല്ലാത്ത പ്രദേശങ്ങളിലേക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് മുൻഗണന നൽകി വരുന്നത്. ഇതിനായി സർക്കാർ / പൊതുമേഖല സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി, വിവിധ സർക്കാർ വകുപ്പുകൾ ഏതെങ്കിലും പദ്ധതിക്കായി നീക്കിവച്ചിട്ട് നിലവിൽ ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി, നിലവിൽ ഫലദായകമല്ലാത്ത പ്ലാന്റേഷനുകൾ എന്നിവയും |

| | | | |
|---|---|---|---|
| | | | സംഭാവനയായി ലഭിക്കുന്ന ഭൂമിയും ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ ലഭിക്കുന്ന ഭൂമിയിൽ സമുച്ചയങ്ങൾ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗുണഭോക്താക്കളുമായി കൂടിയാലോചനയും നടത്തി വരുന്നുണ്ട്.<br>ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക് /മുനിസിപ്പൽ ആഫീസിൽ "സുരക്ഷിത കൂടൊരുക്കം കേരളം" എന്ന പേരിൽ ഒരു ഭവന നിർമ്മാണ സഹായ കേന്ദ്രം 2018 നവംബർ മുതൽ 6 മാസത്തേക്ക് പ്രവർത്തിക്കുന്നതാണ്.<br>ഇതിന്റെ ചുമതല ആ പ്രദേശത്തെ സാങ്കേതിക മേൽനോട്ടത്തിനായി ലൈഫ് മിഷൻ തെരഞ്ഞെടുത്ത് നിയോഗിക്കുന്ന എഞ്ചിനീയറിഗ് കോളേജ്/ പോളിടെക്നിക്കിന് ആയിരിക്കുന്നതും അവധി ദിനങ്ങളിൽ ഈ സഹായ കേന്ദ്രം പ്രവർത്തിക്കുന്നതുമായിരിക്കും. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർമാരായിരിക്കും ഈ കേന്ദ്രത്തിന്റെ ഏകോപനം നടത്തുന്നത്.<br>ഈ കേന്ദ്രത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും കെ.എസ്. ഇ.ബി.-യിൽ നിന്നും ഓവർസിയറിൽ കുറയാത്ത ഉദ്യോഗസ്ഥനും സാങ്കേതിക മേൽനോട്ടത്തിനായി തെരഞ്ഞെടുത്ത് നിയോഗിക്കുന്ന സ്ഥാപനങ്ങളുടെ സിവിൽ, ആർക്കിടെക്ചർ ഇലക്ട്രിക്കൽ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത ഉദ്യോഗസ്ഥർ അഥവാ ITI സിവിൽ ഇലക്ട്രിക്കൽ, പ്ലംബിംഗ് എന്നീ ശാഖകളുടെ |

| | | | |
|---|---|---|---|
| | | | ഇൻസ്ട്രക്ടർമാരും ഉണ്ടായിരിക്കുന്നതാണ്.<br>വീട് പുനർമ്മിക്കുന്നതിന് ഗുണഭോക്താവിന് ഉപദേശം നൽകുക, ആവശ്യമായ സാമഗ്രികൾ വിവിധ കേന്ദ്രത്തിൽ നിന്നും സർക്കാർ അംഗീകരിക്കുന്ന തുകയ്ക്ക് ലഭ്യമാക്കുക, സംശയം ദുരീകരിക്കുക എന്നീ സേവനങ്ങൾ ഈ കേന്ദ്രത്തിൽ ലഭ്യമായിരിക്കും.CARe Home പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ വീടുകൾ നിർമ്മിച്ച നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായും സ്ഥലം ഒഴകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട്ടു വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിൽ ഉള്ള തുകയോ എതാണ് കുറവ് അത് അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് 17/12/2018 ലെ സ.ഉ (കൈ)27 /2018/DMD ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്.<br>ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ഉന്നത ഉദ്യോഗസ്ഥരും, ജില്ലാ കളക്ടർമാരുമായി ബഹു: മുഖ്യമന്ത്രി നിരവധി യോഗങ്ങൾ നടത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ബഹു:റവന്യൂ വകുപ്പ് മന്ത്രി 30.01-.2019 ന് ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലാ കളക്ടർമാരുമായി പ്രത്യേകം വീഡിയോ കോൺഫറൻസ് നടത്തി. ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തു വാനായും, ഭരണപരമായ ആവശ്യങ്ങൾ ജില്ലാ കളക്ടർമാർക്ക് സമയ ബന്ധിതമായി പരിഹരിച്ച് നൽകുവാനും 12 യോഗങ്ങൾ ഇതുവരെ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ